കാഷ്വൽ സ്വീപ്പറെ സ്ഥിരപ്പെടുത്തുന്നതിന് നടപടി

130(819) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റവന്യൂ വകുപ്പിൽ താൽക്കാലിക സ്വഭാവമുള്ള എത്ര ഓഫീസുകളുണ്ടെന്ന് വ്യക്തമാക്കുമോ ; ഈ സ്ഥാപനങ്ങളിലെ ജീവനക്കാർ താൽക്കാലികമായി നിയമിക്കപ്പെട്ടവരാണോയെന്ന് വ്യക്തമാക്കുമോ ;

(ബി) കാഷ്വൽ സ്വീപ്പർമാരെ സ്ഥിരപ്പെടുത്തുന്നതിന് ഉത്തരവ് ഇറക്കിയിട്ടുണ്ടോ ; ഇതിനുള്ള വ്യവസ്ഥകൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ;

(സി) അമ്പലപ്പുഴ റവന്യൂ റിക്കവറി ഓഫീസിലെ കാഷ്വൽ സ്വീപ്പറായ ശ്രീമതി രമണി എത്ര വർഷമായി ജോലി ചെയ്യുന്നയാളാണ് എന്ന് വ്യക്തമാക്കുമോ ;

(ഡി) ശ്രീമതി രമണിയെ പാർട്ട്ടൈം ജീവനക്കാരിയായി സ്ഥിരപ്പെടുത്തുന്നതിന് നിലവിലുള്ള തടസ്സം എന്താണെന്ന് വ്യക്തമാക്കുമോ ;

(ഇ) ഓഫീസുകളും തസ്തികകളും താൽക്കാലികമെന്ന കാരണത്താൽ ദീർഘകാലമായി ജോലി ചെയ്യുന്ന ജീവനക്കാരെ താൽക്കാലികക്കാർ എന്ന് പറയുന്നത് ശരിയാണോയെന്ന് വ്യക്തമാക്കാമോ ;

(എഫ്) ശ്രീമതി രമണിയെ സ്ഥിരപ്പെടുത്തുവാൻ അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 122 ആഫീസുകൾ. അല്ല. താൽക്കാലിക സ്വഭാവമുള്ള ഓഫീസുകൾ തുടർച്ചാനുമതിക്ക് വിധേയമായാണ് പ്രവർത്തിക്കുന്നത്. ഈ സ്ഥാപനങ്ങളിലെ തസ്തികകൾക്ക് കാലാകാലങ്ങളിൽ തുടർച്ചാനുമതി നൽകുകയാണ് ചെയ്യുന്നത്. ജീവനക്കാരെ താൽക്കാലികമായല്ല നിയമിക്കുന്നത്.

(ബി) പാർട്ട് ടൈം സ്വീപ്പർമാരുടെ തസ്തിക സൃഷ്ടിക്കുന്നതും കാഷ്വൽ സ്വീപ്പർമാരെ സ്ഥിരപ്പെടുത്തുന്നതും ധനകാര്യവകുപ്പ് കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന ഉത്തരവുകൾ/ മാനദണ്ഡങ്ങൾക്ക് വിധേയമായാണ്. നിലവിൽ കാഷ്വൽ സ്വീപ്പറെ സ്ഥിരപ്പെടുത്തുന്നത് 25-11-2005-ലെ ജി.ഒ.(പി)നമ്പർ 501/05/ധന. 9-2-2010-ലെ ജി.ഒ.(പി)നമ്പർ 61/10/ധന നമ്പർ ഉത്തരവുകളിലെ വ്യവസ്ഥകൾക്ക് വിധേയമായാണ്.

(സി) അമ്പലപ്പുഴ റവന്യൂ റിക്കവറി സ്പെഷ്യൽ തഹസിൽദാർ ഓഫീസിലെ കാഷ്വൽ സ്വീപ്പറായ ശ്രീമതി ആർ. രമണി 1-12-1993 മുതൽ ടി ഓഫീസിൽ ജോലി ചെയ്യുന്നയാളാണ്.

(ഡി) അമ്പലപ്പുഴ റവന്യൂ റിക്കവറി സ്പെഷ്യൽ തഹസിൽദാർ ഓഫീസ് ഒരു താൽക്കാലിക ഓഫീസാണ്. കാലാകാലങ്ങളിൽ നൽകുന്ന തുടർച്ചാനുമതിക്ക് വിധേയമായാണ് ടി ഓഫീസ് പ്രവർത്തിക്കുന്നത് 9-2-2010-ലെ ജി.ഒ.(പി)നമ്പർ

LIBRARY ARCHIVES Kerala Legislative Assembly

61/10/ധന ഉത്തരവ് പ്രകാരം അവിടെ പാർട്ട് ടൈം സ്വീപ്പറുടെ തസ്തിക സൃഷ്ടിക്കാനോ നിലവിലുള്ള കാഷ്വൽ സ്വീപ്പറെ സ്ഥിരപ്പെടുത്തുവാനോ നിർവ്വാഹമില്ല.

(ഇ&എച്ച്) തുടർച്ചാനുമതിയുള്ള ഓഫീസുകളിലെ ജീവനക്കാർ താൽക്കാലിക ജീവനക്കാരല്ല. അവർ റവന്യൂ വകുപ്പിലെ സ്ഥിരം ജീവനക്കാരാണ്. ആഫീസിന് തുടർച്ചാനുമതി നൽകുന്നതോടൊപ്പം ടി ഓഫീസിലെ പ്രവർത്തനത്തിന് ആവശ്യമായ തസ്തികകൾക്ക് കൂടി തുടർച്ചാനുമതി നൽകുകയാണ് ചെയ്യുന്നത്. ടി ഓഫീസുകളിൽ പാർട്ട് ടൈം സ്വീപ്പർമാരുടെ തസ്തിക സൃഷ്ടിക്കുന്നതും കാഷ്വൽ സ്വീപ്പർമാരെ സ്ഥിരപ്പെടുത്തുന്നതും ധനകാര്യവകുപ്പ് കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന ഉത്തരവുകൾ/മാനദണ്ഡങ്ങൾക്ക് അനുസൃതമായാണ്. അമ്പലപ്പുഴ റവന്യൂ റിക്കവറി സ്പെഷ്യൽ തഹസിൽദാർ ഓഫീസിലെ കാഷ്വൽ സ്വീപ്പറായ ശ്രീമതി ആർ. രമണിയെ സ്ഥിരപ്പെടുത്തുന്ന കാര്യം സർക്കാർ പരിശോധിക്കുകയുണ്ടായി. 9-2-2010-ലെ ജി.ഒ.(പി)നമ്പർ 61/10/ധന ഉത്തരവ് പ്രകാരം അമ്പലപ്പുഴ റവന്യൂ റിക്കവറി സ്പെഷ്യൽ തഹസിൽദാർ ഓഫീസ് ഒരു താൽക്കാലിക ഓഫീസ് ആയതിനാൽ അവിടെ പാർട്ട് ടൈം സ്വീപ്പറുടെ തസ്തിക സൃഷ്ടിക്കുവാനോ, കാഷ്വൽ സ്വീപ്പറെ സ്ഥിരപ്പെടുത്തുവാനോ നിർവ്വാഹമില്ല. എന്നാൽ ശ്രീമതി ആർ. രമണിക്ക് മേൽ ഉത്തരവിലെ നിബന്ധനകൾ പ്രകാരം പാർട്ട് ടൈം സ്വീപ്പറുടെ നിരക്കിലുള്ള ശമ്പളം അനുവദിക്കുന്നതിന് അനുമതി നൽകി 5-6-2010-ലെ ജി.ഒ.(ആർറ്റി.) നമ്പർ 2682/10/ആർ.ഡി. പ്രകാരം ഉത്തരവായിട്ടുണ്ട്.

വില്ലേജ് ഓഫീസുകളുടെ രൂപീകരണത്തിനായി ചെലവഴിച്ച തുക

131(821) ശ്രീ. എം. എം. മോനായി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുന്നത്തുനാട് മണ്ഡലത്തിൽ ഈ സർക്കാരിന്റെ കാലയളവിൽ വില്ലേജ് ഓഫീസുകളുടെ നവീകരണത്തിനായി എത്ര രൂപ ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) ഏതെല്ലാം വില്ലേജ് ഓഫീസുകൾക്ക് എന്തെല്ലാം പ്രവൃത്തികൾക്കാണ് തുക വിനിയോഗിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 21,66,275 രൂപ.

(ബി) മറുപടി അനുബന്ധമായി ചേർത്തിരിക്കുന്നു.*

വില്ലേജ് ഓഫീസ് വിഭജനം

132(822) ശ്രീ. കെ. രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുനലൂർ മണ്ഡലത്തിലെ പത്തനാപുരം താലൂക്കിൽപ്പെട്ട ഏറ്റവും തിരക്ക് കൂടിയ അഞ്ചൽ പഞ്ചായത്തിൽ ഒറ്റ വില്ലേജ് ഓഫീസ് മാത്രമേ ഉള്ളുവെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly